89 (1633) ഭവന നിർമ്മാണ വായ്പാ പദ്ധതികൾ

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഭവന നിർമ്മാണ വായ്പാ പദ്ധതികൾ നിലവിലുണ്ട്;

(ബി) അവ ഏതെല്ലാം വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്;

(സി) സംസ്ഥാനത്തിലെ വിവിധ ഭവനനിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ച് ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭവന നിർമ്മാണ രംഗത്ത് സംസ്ഥാന സർക്കാർ വിവിധ ഏജൻസികൾ മുഖാന്തിരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. മൈത്രി ഭവന നിർമ്മാണ പദ്ധതി (ദുർബല വിഭാഗക്കാർക്ക്)
2. താഴ്ന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
3. ഇടത്തരം വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
4. ഉയർന്ന വരുമാനക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
5. ഭവന നിർമ്മാണ ബോർഡിന്റെ പൊതു ഭവന നിർമ്മാണ പദ്ധതി.
6. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി.
7. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതി.
8. ഭവന പുനരുദ്ധാരണ പദ്ധതി (ലക്ഷം വീടും മറ്റും).

ഇതിനുപുറമേ ഭവന നിർമ്മാണ രംഗത്തെ പ്രമുഖ ഏജൻസിയായ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വിവിധ വരുമാനക്കാർക്കുള്ള വായ്പാ പദ്ധതികൾ.
2. പ്ലാന്റേഷൻ കോർപ്പറേഷൻ, ബാംബു കോർപ്പറേഷൻ, ഖാദി വ്യവസായബോർഡ് തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി.
3. വിദേശ മലയാളികൾക്കുള്ള ഹൗസിംഗ് കോളനി.
4. പത്രപ്രവർത്തകർ/എം.എൽ.എ./എം.പി. തുടങ്ങിയവർക്കുള്ള ഭവന പദ്ധതികൾ.
5. വാടകവീട് പദ്ധതി.
6. വർക്കിംഗ് വിമെൻ/സിംഗിൾ വിമെൻ ഹൗസിംഗ് സ്കീം.
7. ജൂബിലി ഭവന പദ്ധതി.
8. സമ്പൂർണ്ണ പാർപ്പിട പദ്ധതി.
9. ദുരിതാശ്വാസ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

10. സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള പദ്ധതി.
11. ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങുന്നതിനുള്ള മൈത്രി പദ്ധതി.
12. വൃദ്ധജനങ്ങൾക്കുള്ള ശാന്തിഭവൻ.
13. മോഡൽ വില്ലേജ്/ടൂറിസം കോട്ടേജ് തുടങ്ങിയ പദ്ധതി.
14. ഉപഗ്രഹ നഗര പദ്ധതി.

(ബി) ഭവന നിർമ്മാണ വായ്പാ പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ

1. സംസ്ഥാന ഭവന നിർമ്മാണ വകുപ്പ്
2. പട്ടികജാതി വികസന വകുപ്പ്
3. പട്ടികവർഗ്ഗ വികസന വകുപ്പ്
4. പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ
5. ഹൗസിംഗ് ഫെഡറേഷൻ
6. അഗ്രികൾച്ചറൽ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക്
7. എച്ച്.ഡി.എഫ്.സി., എൽ.ഐ.സി., ജി,ഐ.സി., ഇൻഡ് ബാങ്ക്, കാൻഫിൻ ഹോം മുതലായവയാണ്.

(സി) സംസ്ഥാനത്ത് വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് അവരുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് സംസ്ഥാന ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ ഹൗസിംഗ് കമ്മിഷണറുടെ നേതൃത്വത്തിൽ ഹൗസിംഗ് കമ്മിഷണറേറ്റ് ഇപ്പോൾത്തന്നെ നിലവിലുണ്ട്.

90 (1634) തൊഴിലാളികൾക്ക് ഭവന പദ്ധതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി, കയർ തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികൾക്കും പുതിയ ഭവന പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും അതിനാവശ്യമായ ധനം എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി എന്നേയ്ക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കയർമേഖലയിൽ ഹഡ്കോയുടെ സഹായത്തോടെ തൊഴിലാളികൾക്ക് ഒരു ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതിന് ആലോചിച്ചുവരുന്നു. കശുവണ്ടി മേഖലയിൽ പ്രത്യേകമായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് ഡയറക്ടറേറ്റ് മുഖേന ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly